**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **12-02-2025 - ൽ മറുപടിയ്ക്ക്**

**ബാലരാമപുരം-വഴിമുക്ക് റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബാലരാമപുരം-വഴിമുക്ക് റോഡ് വികസനത്തിന് എടുത്ത നടപടികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയപാത 47 ൽ കരമന കളിയിക്കാവിള റോഡുവികസനത്തിൻറെ ഭാഗമായി ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ ഭൂമി ഏറ്റെടുക്കുന്നതിനായി 98,10,00,000/- രൂപ (തൊണ്ണൂറ്റിയെട്ട് കോടി പത്ത് ലക്ഷം രൂപ) 5054-01-800-97 NP(V) എന്ന ശീർഷകത്തിൽനിന്നും അനുവദിച്ചിരുന്നു. ഇതിൽ 97.60 കോടി രൂപ ലാൻറ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൊടിനട വഴിമുക്ക് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കലിനും, ചമയങ്ങളുടെ നഷ്ടപരിഹാരം അനുവദിക്കുന്നതിനുമായി 100% സ്വാലേഷ്യം ഉൾപ്പെടെ 200 കോടി രൂപ കണക്കാക്കിയിട്ടുള്ളതായി ജില്ലാ കളക്ടറുടെ 08.02.2024 തീയതിയിലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി ആവശ്യം വരുന്ന 102.4 കോടി രൂപ ലഭ്യമാക്കുന്നതിന് 07.10.2024 ൽ കിഫ്ബിയെ അറിയിക്കുകയുണ്ടായി.<br>മേൽ വിഷയത്തിന് മേൽ തീരുമാനം കൈകൊള്ളുന്നതിനുവേണ്ടി 07/10/2024 -ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ഈ ഭാഗത്തെ ലാൻഡ് അക്വിസിഷന് അധികമായി ആവശ്യം വരുന്ന 102.4 കോടി രൂപ സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു. അധിക തുക ലഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. യോഗതീരുമാനത്തിൻറെ അടിസ്ഥാനത്തിൽ proposed Under pass ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചതിനാൽ grade separator ഒഴിവാക്കി പുതുക്കിയ ഡിസൈൻ നൽകിയിട്ടുണ്ട്. ഫീസിബിലിറ്റി പരിശോധിച്ചപ്പോൾ പുതുക്കിയ ഡിസൈൻ നിലവിൽ ബാലരാമപുരം ജംഗ്ഷൻ വികസനത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലിന് അനുയോജ്യമാണെന്ന് കണ്ടെത്തി കിഫ്ബിയുടെ അനുമതിക്കായി കത്ത് നൽകിയിട്ടുള്ളതുമാണ്.<br>നിലവിൽ റോഡിലെ 193 ചമയങ്ങളുടെ LA നടപടികൾ പൂർത്തീകരിച്ച് ലാന്റ് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുണ്ട്. ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിലേയ്ക്കായി ലേല നടപടികൾ കൈക്കൊള്ളുകയും തുടർനടപടികൾ നടന്നു വരുന്നതുമാണ്. |
| (ബി) | റോഡ് വികസനത്തിന്റെ പുതിയ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്നും എത്ര കോടി രൂപയുടെ ഡിപിആർ ആണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ പൊതുമരാമത്ത് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റ് വിഭാഗത്തിൽ പുരോഗമിച്ചു വരുകയാണ്. ഡി.പി.ആർ. പൂർത്തീകരിച്ചാൽ മാത്രമേ പുതുക്കിയ തുകയുടെ വിശദവിവരം അറിയാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ